66 (2214) സംയോജിത ശിശു വികസന പദ്ധതി

ശ്രീ. എഴുകോൺ നാരായണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിസദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിൽ എത്ര ബ്ലോക്കുകളിൽ സംയോജിത ശിശു വികസന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) എത്ര ബ്ലോക്കുകളിൽ ഈ പദ്ധതി നടപ്പാക്കാനുണ്ട്. ഈ ബ്ലോക്കുകളിൽ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏതു തരത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(സി) ശിശുവികസന പദ്ധതിയിൻ കീഴിൽ അംഗൻവാടികളുടെ എണ്ണം നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്ത് ജനസംഖ്യാനുപാതികമായി വാർഡുകൾ വിഭജിക്കുകയും വാർഡുകളുടെ എണ്ണം വർദ്ധിക്കുകയും ചെയ്തിരിക്കുന്ന സാഹചര്യത്തിൽ അംഗൻവാടികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇതു സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 140 ബ്ലോക്കുകളിൽ ഐ.സി.ഡി.എസ്. പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഇനി 23 ബ്ലോക്കുകളിൽ ഈ പദ്ധതി നടപ്പാക്കാനുണ്ട്. ലോക ബാങ്ക് സഹായത്തോടെ പ്രവർത്തനമാരംഭിക്കുന്ന ഐ.സി.ഡിഎസ്.ഫേസ്III പ്രോജക്ടിന്റെ ഭാഗമായി പ്രവർത്തനമാരംഭിച്ച 20 ബ്ലോക്കുകളും നടപ്പാക്കാനുള്ള 23 ബ്ലോക്കുകളും ഉൾപ്പെടെ 43 ബ്ലോക്കുകളിൽ ഈ പദ്ധതി ആരംഭിക്കുന്നതിനാവശ്യമായ ഉത്തരവുകൾ പുറപ്പെടുവിച്ചു കഴിഞ്ഞിട്ടുണ്ട്. ഡയറക്ടറേറ്റിൽ ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് ആരംഭിച്ച് പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ട്. കൂടാതെ ഈ പ്രോജക്ടുകളുടെ പ്രവർത്തനത്തിനാവശ്യമായ നിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകുന്നതിനും അവയുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനുമായി സാമൂഹ്യക്ഷേമ വകുപ്പു പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായും ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ സാമൂഹ്യ ക്ഷേമ ഡയറക്ടർ എന്നിവർ അംഗങ്ങളായും ഒരു സംസ്ഥാനതല ഉന്നതാധികാര കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ പുതിയതായി ആരംഭിക്കുന്ന പ്രോജക്ടുകൾക്കും അംഗൻവാടികൾക്കും ആവശ്യമായ സാധനസാമഗ്രികൾ വാങ്ങുന്നതിനായി വിവിധ പർച്ചേഴ്സ് കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്.

(സി) ജനസംഖ്യയുടെ അടിസ്ഥാനത്തിലാണ് അംഗൻവാടികളുടെ എണ്ണം നിശ്ചയിക്കുന്നത്. സാധാരണയായി 1000 ജനസംഖ്യക്ക് ഒരു അംഗൻവാടി എന്ന ക്രമത്തിലും ട്രൈബൽ പ്രോജക്ടിൽ 700 ജനസംഖ്യക്ക് ഒരു അംഗൻവാടി എന്ന ക്രമത്തിലുമാണ് അംഗൻവാടികൾ ആരംഭിക്കുന്നത്.

(ഡി) സംസ്ഥാനത്ത് ജനസംഖ്യാനുപാതികമായി അംഗൻവാടികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടുതൽ അംഗൻവാടികൾ ആവശ്യമുള്ള പ്രദേശങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കു

LIBRARY ARCHIVES Kerala Legislative Assembly

വാൻ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടുതൽ അംഗൻവാടികൾ ആരംഭിക്കുന്നതിന് കേന്ദ്രഗവൺമെന്റിന്റെ അനുമതി ആവശ്യമാണ്.

67 (2215) വനിതകൾക്ക് ആനുകൂല്യം

ശ്രീമതി റോസമ്മ ചാക്കോ :

ശ്രീമതി രാധാ രാഘവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിസദയം മറുപടി നൽകുമോ:

(എ) അറുപത് വയസ്സ് കഴിഞ്ഞ വനിതകളെ സീനിയർ സിറ്റിസൺ ആയി പരിഗണിച്ചുകൊണ്ട് റയിൽവേ യാത്രയ്ക്ക് കേന്ദ്രഗവൺമെന്റ് ആനുകൂല്യം നൽകിയതുപോലെ സംസ്ഥാനത്തുള്ള അറുപതു വയസ്സ് കഴിഞ്ഞ വനിതകൾക്ക് എന്തെങ്കിലും ആനുകൂല്യം നൽകുവാൻ സംസ്ഥാന ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ:

(ബി) ഹയർ സെക്കണ്ടറിവരെയുള്ള പെൺകുട്ടികൾക്ക് ട്രെയിനിൽ യാത്രചെയ്യുന്നതിന് കേന്ദ്രഗവൺമെന്റ് പൂർണ്ണമായും യാത്രചാർജിൽ നിന്നൊഴിവാക്കിയതുപോലെ സംസ്ഥാനത്ത് ഹയർസെക്കണ്ടറി വരെ പഠിക്കുന്ന പെൺക്കുട്ടികൾക്ക് എന്തെങ്കിലും ആനുകൂല്യം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ)(ബി)&(സി) ഇപ്പോൾ പരിഗണനയിലില്ല.

68 (2216) വനിതാ ശിശുക്ഷേമ പദ്ധതി

ശ്രീ. മാമ്മൻ മത്തായി :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ.എം. മാണി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിസദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലോകബാങ്ക് സഹായത്തോടെ വനിതാ ശിശുക്ഷേമ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ദേശീയ മാതൃസഹായ പദ്ധതിയുടെ സംസ്ഥാനത്തെ പ്രവർത്തന പുരോഗതി എന്താണെന്ന് വിശദമാക്കുമോ;

(സി) ഈ പദ്ധതി അനുസരിച്ച് ഓരോ ജില്ലയിലും എത്ര പേർക്ക് സഹായം ലഭ്യമാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ) സംയോജിത ശിശുവികസന പദ്ധതി സാർവത്രികമാക്കുന്നതിന്റെ ഭാഗമായി ലോകബാങ്കിന്റെ സഹായത്തോടെ 43 ബ്ലോക്കുകളിൽ ഐ.സി.ഡി.എസ്. പദ്ധതി അനുവദിച്ചിട്ടുണ്ട്. ഇതിൽ 1999-2000 സാമ്പത്തിക

LIBRARY ARCHIVES Kerala Legislative Assembly